നമ്പർ : ICPS 2/3517/2018

സംയോജിത ശിശു സംരക്ഷണ പദ്ധതി
വനിതാ ശിശു വികസന വകുപ്പ്
പൂജപ്പുര, തിരുവനന്തപുരം
തീയതി : 21/07/2018

# സർക്കുലർ

വിഷയം : വനിതാ ശിശു വികസന വകുപ്പ് , ഐ.സി.പി.എസ് :- ചിൽഡ്രൻസ് ഹോമുകളിൽ നിന്നും സ്കൂളിൽ പോകുന്ന കുട്ടികളുടെ ബാഗ് പരിശോധിക്കുന്നതും, പഠനനിലവാരം മെച്ചപ്പെടുത്തുന്നതും സംബന്ധിച്ച്

സൂചന :

വനിതാ ശിശു വികസന വകുപ്പിനു കീഴിലുള്ള ചിൽഡ്രൻസ് ഹോമുകളിലെ കുട്ടികൾ വിവിധ സ്കൂളുകളിൽ പഠിച്ചു വരുന്നു. കുട്ടികൾ സ്കൂളിൽ നിന്ന് വരുമ്പോൾ പുകയില ഉൽപ്പന്നങ്ങൾ തുടങ്ങി പല സാധനങ്ങളും സ്കൂൾ ബാഗിൽ കൊണ്ടുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് ജീവനക്കാർ പരിശോധിക്കേണ്ടതുണ്ട്. കൂടാതെ ശ്രദ്ധയും സംരക്ഷണവും ആവശ്യമായ ഇത്തരം കുട്ടികളുടെ പഠന നിലവാരം അതാത് സ്കൂളുമായി ബന്ധപ്പെട്ട് വിലയിരുത്തേണ്ടതുമുണ്ട്. ടി സാഹചര്യത്തിൽ ചുവടെ ചേർക്കുന്ന നടപടികൾ സ്ഥാപനങ്ങളിൽ കർശനമായി പാലിക്കപ്പെടേണ്ടതാണ്.

1. കുട്ടികൾ സ്കൂളുകളിൽ പോയി തിരികെ ചിൽഡ്രൻസ് ഹോമുകളിൽ എത്തുമ്പോൾ കെയർടേക്കർമാർ കുട്ടികളുടെ ബാഗുകൾ, വസ്ത്രങ്ങൾ മുതലായവ എല്ലാ ദിവസവും പരിശോധിക്കേണ്ടതാണ്.

2. ആഴ്ച്ചയിൽ ഒരിക്കൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ പോയി അദ്ധ്യാപകരുമായി സംസാരിച്ച് കുട്ടികളുടെ പഠനനിലവാരം വിലയിരുത്തുന്നതിനുള്ള നടപടികൾ അതാത് സ്ഥാപനങ്ങളിലെ കെയർടേക്കർമാർ സ്വീകരിക്കേണ്ടതാണ്.

3. അതാത് ആഴ്ച്ചകളിൽ കുട്ടികളുടെ സ്കൂളുകളിൽ പോകേണ്ട കെയർടേക്കർമാരുടെ പേരു വിവരങ്ങൾ സ്ഥാപന സൂപ്രണ്ടുമാർ മുൻകൂട്ടി നിശ്ച്ചയിക്കേണ്ടതും, ടി വിവരങ്ങൾ സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. ഇതു സംബന്ധിച്ച് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും റിമാർക്സ് കോളത്തിൽ ബന്ധപ്പെട്ട കെയർടേക്കർമാർ വിവരം രേഖപ്പെടുത്തേണ്ടതുമാണ്.

4. കുട്ടികളുടെ പഠനനിലവാരം സംബന്ധിച്ചുള്ള കാര്യങ്ങൾ കെയർടേക്കർമാർ സ്ഥാപന സൂപ്രണ്ടുമാരെ അറിയിക്കേണ്ടതും, പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കു വേണ്ടി അവരുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്ഥാപന സൂപ്രണ്ടുമാർ സ്വീകരിക്കേണ്ടതുമാണ്. കുട്ടികളുടെ പഠനനിലവാരം സംബന്ധിച്ച കാര്യങ്ങൾ സൂപ്രണ്ടുമാർ റിവ്യു മീറ്റിംഗിന് വരുമ്പോൾ റിപ്പോർട്ട് ആയി സമർപ്പിക്കേണ്ടതാണ്.

വനിതാ ശിശു വികസന വകുപ്പ്
ഡയറക്ടർക്കു വേണ്ടി

എല്ലാ ഗവ ചിൽഡ്രൻസ് ഹോം സൂപ്രണ്ടുമാർക്കും.

<u>പകർപ്പ്</u>
എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും.